വരുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സേവനങ്ങൾ സമൂഹത്തിന് ലഭ്യമാക്കുന്നതിൽ നിലനിൽക്കുന്ന പോരായ്മകൾ പരമാവധി കുറയ്ക്കുക എന്നീ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി-എഫ്) പദ്ധതികൾക്ക് ലോകബാങ്ക് അംഗീകാരം ലഭിച്ചതിനുശേഷമേ ഈ കാര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകൂ.

(ജി&എച്ച്) പദ്ധതികൾക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ഇതുസംബന്ധിച്ച് തീരുമാനമെടുക്കുകയുള്ളൂ.

**ലോകബാങ്ക് സഹായത്തോടെയുള്ള ആശുപത്രി വികസന പദ്ധതികൾ**

**94 (861)** ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിൽ എത്ര ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ ആരോഗ്യമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന പദ്ധതി അംഗീകാരത്തിനായി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്തുടനീളമുള്ള 230 ആരോഗ്യസ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയുവാൻ കഴിയുകയുള്ളൂ.

**നബാർഡിന്റെ സഹായത്തോടെ കോഴിക്കോട് ജില്ലയിലെ പി.എച്ച്.സി.-കൾ വികസിപ്പിക്കുന്നതിന് നടപടി**

**95 (862)** ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ പി.എച്ച്.സികൾ വികസിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം അപേക്ഷകൾ അംഗീകരിച്ചുവെന്നും ഓരോന്നിനും ലഭിക്കുന്ന ധനസഹായം എത്രയാണെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly